ഭരണഭാഷ-മാതൃഭാഷ

# ഗതാഗത കമ്മീഷണറുടെ നടപടിക്രമം

## (സാന്നിദ്ധ്യം- എസ് ആനന്ദകൃഷ്ണൻ ഐ പി എസ്)

**വിഷയം :-** **മോട്ടോർ വാഹന വകുപ്പ് –റൂട്ട് മാനേജ്മെന്റ് സിസ്റ്റം– പെർമിറ്റ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി- നോഡൽ ഓഫീസർമാരേയും അസി. നോഡൽ ഓഫീസർമാരേയും നിയമിക്കുന്നത്-സംബന്ധിച്ച്**

**ഉത്തരവ് നമ്പർ എം ഐ റ്റി 5/15388/റ്റിസി/2015 തിയതി 01.08.2017**

മോട്ടോർ വാഹന വകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജി പി എസ് അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം. ഈ പദ്ധതിക്ക് അനുബന്ധമായി സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളുടെ പെർമിറ്റ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ സിഡാക്ക് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. ഡെറ്റാ എൻട്രി നടത്തുവാനുള്ള ചുമതല സിഡിറ്റിനേയും ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | |
|---|---|
| സംസ്ഥാന തല ഏകോപനം | അസിസ്റ്റന്റ് സെക്രട്ടറി എസ് റ്റി എ |
| മേഖലാ തല ഏകോപനം | അതാത് മേഖലാ ഓഫീസുകളിലെ ജോയിന്റ് ആർ ടി ഓ അഡ്മിനിസ്ട്രേഷൻ |

പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് മേഖല തിരിച്ച് പരിശീലന പരിപാടികൾ നടത്തുന്നതാണ്. ഓരോ ആർട്ടിഓ കളിലും ഒരു നോഡൽ ഓഫീസറും ഒരോ അസിസ്റ്റന്റ് നോഡൽ ഓഫീസറും ഉണ്ടാകുന്നതാണ്. പെർമ്മിറ്റ് വിവരങ്ങൾ നൽകുന്നതിന്റെ ഉത്തരവാദിത്വം അസിസ്റ്റന്റ് നോഡൽ ഓഫീസർക്കും വിവരങ്ങൾ പൂർണ്ണമായും തെറ്റുകൂടാതെയും ശേഖരിക്കപ്പെട്ടു എന്നത് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം നോഡൽ ഓഫീസർക്കും ആയിരിക്കും. നോഡൽ ഓഫീസറുടെ സാക്ഷ്യപ്പെടുത്തലിന് വിധേയമായാകും സിഡിറ്റിന് പണം നൽകുക. പദ്ധതി പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ മലപ്പുറത്ത് വിവരങ്ങൾ എല്ലാം ശെഖരിക്കപ്പെട്ടു എന്ന് നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തി ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതാണ്. നോഡൽ ഓഫീസർമാരുടേയും അസിസ്റ്റന്റ് നോഡൽ ഓഫീസർമാരുടേയും പട്ടിക ഉത്തരവിന് അനുബന്ധമായി ചേർക്കുന്നു. നോഡൽ ഓഫീസറുടെ അസാനിദ്ധ്യത്തിൽ തന്റെ അധികാര പരിധിയിലുള്ള ഒരു ഉദ്യോഗസ്ഥനെ തിരഞ്ഞെടുത്ത് പദ്ധതി മുന്നോട്ട് കൊണ്ട് പോകേണ്ടത് ജില്ലാ മേധാവികളുടെ ചുമതലയാണ്. ഈ പദ്ധതി നടത്തിപ്പിന് ഉചിതവും

യുക്തവുമായ തീരുമാനങ്ങൾ ജില്ലാ മേധാവികൾ കൈക്കൊള്ളേണ്ടതും മേഖലാ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതുമാണ്.

മേഖലാതലത്തിൽ എല്ലാ ഉദ്യോഗതർക്കും പരിശീലനം ലഭിച്ചുവെന്നും സമയ ബന്ധിതമായി പദ്ധതി പൂർത്തിയാകുന്നു എന്നും മേഖലാ തല ഏകോപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതിയുടെ രൂപരേഖ , സി ഡിറ്റ് ഉദ്യോഗസ്ഥരുടെ പട്ടിക മുതലായ വിവരങ്ങൾ ഉടനെ അറിയിക്കുന്നതായിരിക്കും. പദ്ധതി സമയബന്ധിതമായി പൂർത്തിയാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ നോഡൽ ഓഫീസറുമാരുമയി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. എല്ലാ ആഴ്ച്ചയും സംസ്ഥാനതല ഏകോപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതണ്.

പദ്ധതി രൂപരേഖയ്ക്കും സമയക്രമത്തിനും അനുശ്രിത്മായി പദ്ധതി നടപ്പിലാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടത് സംസ്ഥാനതല ഏകോപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനാണ്. ഇതിനായി മേഖലാ ഉദ്യോഗസ്ഥതരുമായും സിഡിറ്റ് അധികൃതരുമായും നിരന്തരം സമ്പർക്കം പുലർത്തണം.

പരിശിലന തിയതി, പദ്ധതി രേഖകൾ മുതലായവ ഉടനേ നൽകുന്നതാണ്. ഈ വിഷയത്തിൽ നയപരമായന്വ ഒഴികയുള്ള തുടന്നുള്ള ആശയവിനിമയങ്ങൾ ഈ ഉത്തരവിന്റെ അടിസ്ഥനത്തിൽ കഴിവതും ഇ-മെയിൽ മുഖേനെ ആയിരിക്കും.ആയതിനാൽ ഉദ്യോഗസ്ഥർ അവരുടെ ഔദ്യോഗിക ഇ-മെയിലുകൾ പരിശോധിക്കേണ്ടതാണ്.

ഒപ്പ്/-

**ഗതാഗത കമ്മീഷണർ**

**സ്വീകർത്താവ്**

**1.എല്ലാ ഡിറ്റിസി, എല്ലാ ആർ ടി ഓ**

**2.കമ്മറ്റി അംഗങ്ങൾ**

**3. റ്റിസി, ജെറ്റിസി, സീനിയർ ഡിറ്റിസി, അവരുടെ സി എ മാർ**

**അംഗീകാരത്തോടെ**

**ജൂനിയർ സൂപ്രണ്ട്**

| | | ജില്ല | നോഡൽ ഓഫീസർ | അസിസ്റ്റന്റ് നോഡൽ ഓഫീസർ |
|---|---|---|---|---|
| | 1. | തിരുവനന്തപുരം | ബ്രിന്ദ സനിൽ<br>എം.വി.ഐ<br>തിരുവനന്തപുരം | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ,<br>ആർ.ടി ഓഫീസ്, തിരുവനന്തപുരം |
| | 2. | കൊല്ലം | സൈജു സി. കെ<br>എം.വി.ഐ<br>കൊല്ലം | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്, കൊല്ലം |
| | 3. | പത്തനംതിട്ട | എസ് ബിജു<br>എം.വി.ഐ<br>ആർ.ടി ഓഫീസ്,<br>പത്തനംതിട്ട | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്,<br>പത്തനംതിട്ട |
| | 4. | ആലപ്പുഴ | സുനിൽ ബാബു എം<br>എം.വി.ഐ<br>ആർ.ടി ഓഫീസ്,<br>ആലപ്പുഴ | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്,<br>ആലപ്പുഴ |
| | 5. | കോട്ടയം | ജയരാജ്<br>എം.വി.ഐ<br>ആർ.ടി ഓഫീസ്,<br>കോട്ടയം | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്,<br>കോട്ടയം |
| | 6. | ഇടുക്കി | ഷോയ് വർഗ്ഗീസ്<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>ഇടുക്കി | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്,<br>ഇടുക്കി |
| | 7. | എറണാകുളം | ജോർജ്ജ് തോമസ്<br>എം.വി.ഐ<br>ആർ.ടി ഓഫീസ്,<br>എറണാകുളം | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്,<br>എറണാകുളം |
| | 8. | തൃശ്ശൂർ | സിദ്ദിക് എ.എം.<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>തൃശ്ശൂർ | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്,<br>തൃശ്ശൂർ |
| | 9. | പാലക്കാട് | എൻ. വിനയകുമാർ<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>പാലക്കാട് | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>പാലക്കാട് |

| | | | | |
|---|---|---|---|---|
| | 10. | മലപ്പുറം | അഫ്സൽ അലി<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>മലപ്പുറം | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>മലപ്പുറം |
| | 11. | കോഴിക്കോട് | ഫ്രാൻസിസ് വി.വി<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>കോഴിക്കോട് | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>കോഴിക്കോട് |
| | 12. | വയനാട് | ബിജുമോൻ എസ്.പി.<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>വയനാട് | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>വയനാട് |
| | 13. | കണ്ണൂർ | ശ്രീകുമാർ ജെ.എസ്.<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>കണ്ണൂർ | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>കണ്ണൂർ |
| | 14. | കാസർഗോഡ് | വിജയൻ. എം<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>കാസർഗോഡ് | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>കാസർഗോഡ് |
| | 15. | ആർ.ടി.<br>ഓഫീസ്<br>(എൻ.എസ്) | സീനിയർ സൂപ്രണ്ട് | സെക്ഷൻ ക്ലാർക്ക്<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി. ഓഫീസ് (എൻ.എസ്), |
| | 16. | ആറ്റിങ്ങൽ | എൽ.എസ് ഷാജി<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>ആറ്റിങ്ങൽ | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>ആറ്റിങ്ങൽ |
| | 17. | മൂവാറ്റുപുഴ | അഭിലാഷ് കെ ബി<br>എം.വി.ഐ<br>ആർ.ടി ഓഫീസ്<br>മൂവാറ്റുപുഴ | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>മൂവാറ്റുപുഴ |
| | 18. | വടകര | എ.എസ്. ബിജോയ്<br>എം.വി.ഐ<br>ആർ.ടി. ഓഫീസ്<br>വടകര | സൂപ്രണ്ട്/ക്ലാർക്ക്,<br>ആർ.ടി.എ സെക്ഷൻ<br>ആർ.ടി ഓഫീസ്<br>വടകര |